(സി) ഉച്ചഭക്ഷണ പദ്ധതിക്കായി 17808.95 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഏകദേശം 29 ലക്ഷം കുട്ടികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നു.

കേന്ദ്രീയ വിദ്യാലയങ്ങളിൽ മലയാളഭാഷ നിർബന്ധമാക്കാൻ നടപടി

21 (5153) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പ്രവർത്തിക്കുന്ന കേന്ദ്രീയ വിദ്യാലയങ്ങളിൽ മലയാള ഭാഷ നിർബന്ധമാക്കാൻ സംസ്ഥാന സർക്കാർ എന്തു നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) അൺഎയിഡഡ് സ്കൂളുകൾക്ക് എൻ.ഒ.സി.നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) വയനാട് ജില്ലയിൽ അംഗീകൃതവും അനംഗീകൃതവുമായ എത്ര അൺ എയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് പേര് സഹിതം വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സ്കൂളുകളിലെ ആകെ കുട്ടികളുടെ എണ്ണം ക്ലാസ്സ് തിരിച്ച് ലഭ്യമാക്കുമോ ;

(ഇ) ജില്ലയിലെ സർക്കാർ-എയിഡഡ് സ്കൂളുകൾക്ക് സമീപത്തായി എത്ര അൺഎയ്ഡഡ് അൺറെക്കഗ്നൈസ്ഡ് സ്കൂളുകൾ പ്രവർത്തിക്കുന്നുവെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കുമോ ;

(എഫ്) ഇത്തരം സ്ഥാപനങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള സർക്കാർ കൺസെഷനുകളും മറ്റ് സഹായങ്ങളും ലഭ്യമാക്കുന്നുണ്ടോ ;

(ജി) ഇത്തരം സ്ഥാപനങ്ങൾക്ക് കെട്ടിട നികുതി, തൊഴിൽ നികുതി, സെയിൽസ് ടാക്സ് എന്നിവയിൽ ഇളവുകൾ നൽകാറുണ്ടോ ;

(എച്ച്) ഇത്തരം സ്ഥാപനങ്ങളുടെ മേൽ സംസ്ഥാന സർക്കാരിനുള്ള അധികാരങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ പ്രവർത്തിക്കുന്ന കേന്ദ്രീയ വിദ്യാലയങ്ങളിലെ പാഠ്യ പദ്ധതിയിൽ മലയാളഭാഷ കൂടി ഉൾപ്പെടുത്തുവാൻ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരാണ് നടപടി കൈക്കൊള്ളേണ്ടത്.

(ബി) അൺ എയിഡഡ് സ്കൂളുകൾക്ക് എൻ.ഒ.സി. നൽകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി-ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ് & ജി) ഇത്തരം സ്ഥാപനങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് ഒരു തരത്തിലുള്ള സഹായവും നൽകുന്നില്ല.

(എച്ച്) ഇത്തരം സ്ഥാപനങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ളവയല്ല.

കാസർഗോഡ് കന്നഡ മേഖലയിലെ സ്കൂളുകളിൽ അനുവദിച്ച മലയാളം സമാന്തര ഡിവിഷൻ

22 (5154) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് കന്നഡ മേഖലയിലെ സ്കൂളുകളിൽ മലയാളം സമാന്തര ഡിവിഷൻ അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ സ്കൂളുകളിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്കൂളുകളിൽ മലയാളം ഡിവിഷൻ അനുവദിക്കുന്നതിന് കെ.ഇ.ആർ.നൽകുന്ന പരിരക്ഷ എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) കന്നഡ സ്കൂളുകളിൽ മലയാളം ഭാഷാ ന്യൂനപക്ഷമായി പഠിക്കുന്ന കുട്ടികളുടെ താല്പര്യത്തിന് വേണ്ടി അനുവദിക്കപ്പെട്ട മലയാളം പാരലൽ ഡിവിഷനിലെ അദ്ധ്യാപകരുടെ നിയമനം അംഗീകരിക്കുന്നതിന് നിലവിൽ തടസ്സമുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സ്കൂളുകളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

1. ഗവ. ഹൈസ്കൂൾ, അടൂർ ;
2. ഗവ. ഹൈസ്കൂൾ, ആദൂർ ;
3. ഗവ. ഹൈസ്കൂൾ, അംഗടിമൊഗർ ;
4. ഗവ. ഹൈസ്കൂൾ, ബേക്കൂർ ;
5. ഗവ. ഹൈസ്കൂൾ, ബെള്ളൂർ ;
6. ഗവ. ഹൈസ്കൂൾ, ബംഗര മഞ്ചേശ്വരം ;
7. ഗവ. ഹൈസ്കൂൾ, ദേലംപാടി ;
8. ഗവ. ഹൈസ്കൂൾ, കുമ്പള ;
9. ഗവ. ഹൈസ്കൂൾ, കുഞ്ചത്തൂർ ;
10. ഗവ. ഹൈസ്കൂൾ, മംഗൽപാടി ;

LIBRARY ARCHIVES Kerala Legislative Assembly